പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2534. 17.08.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളിൽ കാലാനുസൃതമായ പുതിയ ട്രേഡുകൾ

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ നിലവിലുള്ള ട്രേഡുകൾക്ക് പുറമെ കാലാനുസൃതമായ പുതിയ ട്രേഡുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹിയുടെ നിർദ്ദേശ പ്രകാരമാണ്. സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് വിഭാവനം ചെയ്യുന്ന പുതിയ ട്രേഡുകളിൽ നിന്നും തൊഴിൽ സാധ്യതയേറിയതും, ജനപ്രിയമായതും, നവീനവുമായ ട്രേഡുകൾ കാലാനുസൃതമായി ആരംഭിക്കാറുണ്ട്. കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി ജോലി സാദ്ധ്യത ഉള്ളവ തുടങ്ങുന്നതിന് 2016 - 17 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ-കളിലുണ്ടായിരുന്ന കാലഹരണപ്പെട്ട ട്രേഡുകളായ മെക്കാനിക് റേഡിയോ ആന്റ് ടെലിവിഷൻ, മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ്, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ എന്നീ ട്രേഡുകൾക്കു പകരം യഥാക്രമം മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ്, കമ്പ്യൂട്ടർ ഹാർഡ് വെയർ നെറ്റ് വർക്ക് മെയിന്റനൻസ്, മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ് എന്നീ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പുതിയ സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട അത്തരം ട്രേഡുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ബി) & (സി) ഗുണനിലവാരം നിലനിർത്തുന്നതിന് അടിസ്ഥാനമായ സിലബസും ഉപകരണങ്ങളുടെ പട്ടികയും നിർണ്ണയിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹിയാണ്. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് തയ്യാറാക്കുന്ന പാഠ്യ പദ്ധതിയുടെയും, ഉപകരണ ലിസ്റ്റുകളുടെയും അടിസ്ഥാനത്തിലാണ് ഈ കോഴ്സുകൾ സംസ്ഥാനത്തെ ഐ.ടി.ഐകളിൽ നടപ്പിലാക്കുന്നത്. |

Bindu

സെക്ഷൻ ഓഫീസർ